എക്സ്പ്രസ് ഹൈവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി

*7 [126] ശ്രീ. കെ. രാധാകൃഷ്ണൻ:

,, കോടിയേരി ബാലകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാസർഗോഡ് എക്സ്പ്രസ്സ് ഹൈവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം സ്വകാര്യ സംരംഭകരാണ് മുന്നോട്ട് വന്നിട്ടുള്ളത്;

(സി) സംയുക്തമേഖല, സ്വകാര്യമേഖല, ബി.ഒ.ടി. എന്നിവയിൽ ഏത് മേഖലയിലാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഹൈവേ നിർമ്മാണം സംബന്ധിച്ച് ഏതെങ്കിലും സംരംഭകരുമായി ധാരണയായിട്ടുണ്ടോ;

(ഇ) ഹൈവേ നിർമ്മാണത്തിനായി പെട്രോളിനും ഡീസലിനും സെസ്സ് ചുമത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(എഫ്) എങ്കിൽ സെസ്സിലൂടെ പ്രതിവർഷം എത്രകോടി രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള അതിവേഗ പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം വിശദമായ രൂപരേഖ ഉണ്ടാക്കാനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 2005-ാം മാണ്ട് പകുതിയോടുകൂടി ഏകദേശം 200 കി.മി. പാതയുടെ പണി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി, സി) ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാൻ കേരള സർക്കാരും ഐ. എൽ. എഫ്. എസ്. എന്ന കമ്പനിയും ചേർന്ന് കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉണ്ടാക്കിക്കഴിഞ്ഞു. വിശദമായ രൂപരേഖ തയ്യാറാക്കിയതിനുശേഷം സ്വകാര്യ സംരംഭകരെ സഹകരിപ്പിക്കാനുള്ള സാധ്യത അവലോകനം ചെയ്യുക, ടോൾ ഏർപ്പെടുത്തുക മുതലായ കാര്യങ്ങൾ തീരുമാനിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly